(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മദ്യനിരോധനം

*൧൨൨൧. (൪൨) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തു മദ്യനിരോധനം നടപ്പിൽ വരുത്തിയതു് എതെല്ലാം താലൂക്കിലാണു്;

(ബി) ൧൯൫൦-ൽ മദ്യനിരോധനം സംബന്ധിച്ചു് എത്ര കേസ്സുകൾ ചാർജ്ജു ചെയ്തിട്ടുണ്ടു്;

(സി) അതിൽ എത്ര സർക്കാർ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു്, നെയ്യാറ്റിൻകര, തിരുവനന്തപുരം, നെടുമങ്ങാടു്, ചിറയിൻകീഴു്, ചെങ്കോട്ട, പത്തനാപുരം, ചിറ്റൂർ, തലപ്പിള്ളി, കൊടുങ്ങല്ലൂർ.

(ബി) ൪ ഫുൾ.

(സി) ൧ ൧.

Starred Questions posted for Answer on 2nd March 1951

കൃഷിക്കു കൂടുതൽ സ്ഥലം

*൧൨൨൨. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഫസൽ ൧൩ ഏപ്രിലിനുശേഷം പുതിയതായി എത്ര ഏക്കർ സ്ഥലം കൃഷിക്കു നൽകിയിട്ടുണ്ടു്;

(ബി) കൃഷിക്കു നൽകിയ സ്ഥലങ്ങളിൽ കൃഷി ഇറക്കിയിട്ടുണ്ടോ;

(സി) അങ്ങനെ നൽകിയ സ്ഥലങ്ങളിൽ എതെല്ലാം ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്തു;

(ഡി) ആ ഇനത്തിൽ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൭൫,൪൫൦ ഏക്കർ.

(ബി) ഉണ്ടു്. ഉദ്ദേശം ൧൫,൦൦൦ ഏക്കറിൽ.

(സി) നെല്ലും മരച്ചീനി മുതലായ ഉപഭക്ഷ്യസാധനങ്ങളും.

(ഡി) ൭൦൦ ടൺ.

ആത്മഹത്യകൾ

*൧൨൨൩. (൪൪) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഐക്യസംസ്ഥാന രൂപീകരണത്തിനുശേഷം തിരുവിതാംകൂർ വിഭാഗത്തിലും കൊച്ചി വിഭാഗത്തിലും എത്ര ആത്മഹത്യകൾ ഉണ്ടായിട്ടുണ്ടു്; അവ

LIBRARY ARCHIVES Kerala Legislative Assembly